പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 133

14/06/2013-ൽ മറുപടിയ്ക്ക്

അധികാര വികേന്ദ്രീകരണ സൂചിക റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. റ്റി. വി. രാജേഷ് | ഡോ. എം. കെ.മുനീർ<br>(പഞ്ചായത്തും സാമൂഹിക നീതിയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയം പുറത്തിറക്കിയ 2012-13ലെ അധികാര വികേന്ദ്രീകരണ സൂചിക റിപ്പോർട്ടിൽ പ്രവർത്തന മികവിൽ സംസ്ഥാനം മൂന്നാം സ്ഥാനത്ത് ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ പഞ്ചായത്ത് മന്ത്രാലയം തയ്യാറാക്കിയിട്ടുള്ള സൂചകങ്ങളുടെ (indicators) അടിസ്ഥാനത്തിലാണ് അധികാര വികേന്ദ്രീകരണ സൂചിക (devolution index) തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത സൂചികയിൽ എക്കാലവും മികച്ചപ്രകടനം കാഴ്ചവെച്ചിട്ടുള്ള ഏക സംസ്ഥാനം കേരളമാണ്. നിലവിലെ പട്ടികയിലും മൂന്നാം സ്ഥാനം നേടുകയും ആയതിന്റെ അംഗീകാരം കേന്ദ്ര പഞ്ചായത്ത് മന്ത്രാലയത്തിൽനിന്നും ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാരാണ് ഈ സൂചികയിലെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക്ക് അഡ്മിനിസ്ട്രേഷനുമായി ചേർന്നാണ് ഈ സൂചിക തയ്യാറാക്കുന്നത്. വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള ചോദ്യാവലിയിൽ ഫണ്ട് (Funds), ചുമതലകൾ (functions), ഉദ്യോഗസ്ഥ സംവിധാനം (functionaries) എന്നിങ്ങനെയുള്ള മൂന്ന് തലങ്ങളിൽ വികേന്ദ്രീകരണം പൂർത്തീകരിച്ചിട്ടുള്ള സംസ്ഥാനങ്ങളുടെ വിശദാംശങ്ങൾ ആണ് പട്ടികയായി തയ്യാറാക്കുന്നത്. ഫലപ്രദമായി മുഴുവൻ അധികാരങ്ങളും പൂർണ്ണമായും വികേന്ദ്രീകരിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. |
| ബി) | ഇത്തരത്തിൽ പിന്തള്ളപ്പെടാനുണ്ടായ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | | |
| സി) | റിപ്പോർട്ടിലെ മറ്റ് സൂചകങ്ങളിൽ സംസ്ഥാനത്തിന്റെ പ്രകടനം വിലയിരുത്തിയിട്ടുണ്ടോ; | സി) | 2012-13-ലെ അധികാര വികേന്ദ്രീകരണ സൂചകങ്ങളിലെ വ്യത്യാസമനുസരിച്ച് പഞ്ചായത്ത് ശാക്തീകരണ സൂചിക എന്ന് പരിഷ്കരിച്ച ഈ പട്ടികയിൽ സംസ്ഥാനത്തിന്റെ പ്രകടനം സാധാരണമായിരുന്നു. ത്വരിതഗതിയിൽ അധികാര വികേന്ദ്രീകരണം പൂർത്തീകരിച്ച സംസ്ഥാനമെന്ന നിലയിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പൂർണ്ണ അധികാരവും ചുമതലകളും കൈമാറുകയും അതുവഴി സ്വയം |

| | | | |
|---|---|---|---|
| | | | ഭരണാവകാശമുള്ള ഓരോ തദ്ദേശ സർക്കാരുകളാക്കി അവയെ മാറ്റുന്നതിൽ സംസ്ഥാനത്തിന്റെ പ്രകടനം മികച്ചതാണെന്നത് ശ്രദ്ധേയമാണ്. ധന വിനിയോഗം ഉദ്യോഗസ്ഥ സംവിധാനം തുടങ്ങിയ മേഖലകളിൽ ചില നിയന്ത്രിത അധികാരങ്ങൾ സംസ്ഥാനം ഇനിയും കൈമാറികൊടുക്കാത്ത സംഗതിയിൽ, ടി മേഖലകളിലും ചില സംസ്ഥാനങ്ങൾ വികേന്ദ്രീകരണം എല്ലാ അർത്ഥത്തിലും പൂർത്തികരിച്ചതിനാലാവാം കേരളം മൂന്നാം സ്ഥാനത്തേക്ക് എത്തിയത്. എന്നാൽ 2012-13 വർഷത്തെ അധികാര വികേന്ദ്രീകരണ സൂചികാ റിപ്പോർട്ട് ഇതു വരെയും സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചു മാത്രമേ ഓരോ സൂചകങ്ങളിലുമുള്ള പ്രകടനം സംസ്ഥാനതലത്തിൽ വിലയിരുത്തുവാൻ സാധ്യമാകുകയുള്ളൂ. |
| ഡി) | സംസ്ഥാനത്തിന്റെ പ്രകടനം തുടർന്നുള്ള വർഷങ്ങളിൽ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ? | ഡി) | സംസ്ഥാനങ്ങൾ തമ്മിലുള്ള ഒരു താരതമ്യ പഠനം മാത്രമാണ് ഈ സൂചിക. സംസ്ഥാനങ്ങളിൽ നിലവിലുള്ള സാമൂഹിക സാമ്പത്തിക വ്യതിയാനങ്ങളനുസരിച്ച് സൂചികയിൽ സ്വാഭാവികമായ വ്യത്യാസങ്ങൾ വന്നേക്കാം. എന്നാൽ അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കിയ സംസ്ഥാനമെന്ന നിലയിൽ കൈവന്നിട്ടുള്ള നേട്ടം തുടർന്നുകൊണ്ടു പോകുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. |

സെക്ഷൻ ഓഫീസർ